"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - ഹെൽത്ത് സൂപ്പർവൈസർ ആയിരുന്ന ശ്രീമതി ടി.കെ.ബീന -യ്ക്കെതിരായ കെ.എസ്.ആർ ഭാഗം 3 ചട്ടം 59(d) പ്രകാരമുള്ള നടപടി - അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2865/2025/LSGD തീയതി,തിരുവനന്തപുരം, 24-11-2025

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.10.2015 തീയതിയിലെ ഇ7(എസ്.സി 155/14/ഇ.കെ.എം)36472/2015നം. കത്ത്
2. 04.03.2021 തീയതിയിലെ ഇയു2- 84/2016/തസ്വഭവ നമ്പർ കാരണംകാണിക്കൽ നോട്ടീസ്.
3. പ്രിൻസിപ്പൽഡയറക്ടറുടെ 11.08.2023തീയതിയിലെ LSGD/PD/8486/2023-VIGC2 നമ്പർ കത്ത്.
4. 05.05.2025 തീയതിയിലെ സ.ഉ (സാധാ) നം.1115/2025-തസ്വഭവ.
5. തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 22.06.2025തീയതിയിലെ LSGD/JD/EKM/6934/2023നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കൊച്ചി കോർപ്പറേഷനിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി വാടകയ്ക്ക് എടുത്ത ടിപ്പർ ലോറികൾ കരാർ കാലാവധി കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ കൂടാതെ തുടർന്നും ഓടിക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം യൂണിറ്റ് 19.11.2014- ൽ കൊച്ചി കോർപ്പറേഷനിൽ മെയിൻ ഓഫീസിലെ ഹെൽത്ത് വിഭാഗത്തിൽ നടത്തിയ പരിശോധനയിൽ 2014-15 സാമ്പത്തിക വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ടിപ്പർ ലോറികൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം സംഭവിച്ചു കാരണം 01.04.2014 മുതൽ 19.11.2014 വരെ കൊച്ചി കോർപ്പറേഷന് ₹12,89,475/-അധികമായി ചെലവഴിക്കേണ്ടി വന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത ക്രമക്കേടിന് ഹെൽത്ത് സൂപ്പർവൈസർമാരായിരുന്ന ശ്രീ.പി.പി അലോഷ്യസ്, ശ്രീമതി ടി.കെ.ബീന, ശ്രീ.കെ.റ്റി.രാജേന്ദ്രൻ നായർ, എന്നിവർക്കെതിരെ അച്ചടക്കനടപടി ആരംഭിച്ച്, സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ടിയാളുകളുടെ സേവനം തൃപ്തികരമല്ലായെന്ന് കണ്ട് മിനിമം പെൻഷൻ

ഉറപ്പ വരുത്തി KSR പാർട്ട് 3 ചട്ടം 59(d) പ്രകാരം പെൻഷനിൽ നിന്ന് 500രൂ. വീതം ആജീവനാന്തം കുറവു വരുത്തുന്നതിനായി താൽക്കാലിക തീരുമാനമെടുത്ത് പരാമർശം 2 പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

2. കാരണംകാണിക്കൽ നോട്ടീസിന് ശ്രീമതി ടി.കെ.ബീന, സമർപ്പിച്ച മറുപടിയിൻമേൽ കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറുടെ വിശദമായ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 3 റിപ്പോർട്ട് പ്രകാരം, ടിയാൾ മറുപടിയിൽ വ്യക്തമാക്കിയതുപോലെ 2014-15 വർഷത്തേയ്ക്ക് മാലിന്യ നിർമ്മാർജ്ജനത്തിനായി ലോറി വാടകയ്ക്ക് എടുക്കുന്നതിനായി യഥാസമയം നടപടി സ്വീകരിച്ചതായി കാണുന്നതായും, ആയതിനാൽ വീഴ്ചയില്ലായെന്ന് കണ്ടെത്തി തുടർ നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3. വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു. ഇക്കാര്യത്തിൽ സമർപ്പിച്ച പരാമർശം 5 അന്വേഷണറിപ്പോർട്ടിൽ, 2014-15 വർഷത്തെ ടിപ്പർ ലോറികൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ഫയൽ 25-10-2013 തിയതിയിൽ തന്നെ ആരംഭിച്ച് നടപടികൾ സ്വീകരിച്ചതായി കാണുന്നതായും പിന്നീട് സ്റ്റാൻഡിംഗ് കമ്മിറ്റി അജണ്ട മാറ്റിവെച്ചത്, പലതരത്തിലുള്ള റിപ്പോർട്ടുകൾ ആവശ്യപ്പെട്ടത്, കോടതി വ്യവഹാരം, ലോക്സഭാ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം എന്നീ ഘടകങ്ങളും ടെണ്ടർ നടപടികൾ വൈകുന്നതിനുള്ള ഘടകമായി എന്നും അറിയിച്ചിരിക്കുന്നു. ടെണ്ടറുമായി ബന്ധപ്പെട്ട ഫയലിൽ നടപടി സ്വീകരിക്കുന്നതിൽ 01/06/2014 തീയതി മുതൽ 02.08.2014 വരെ ഹെൽത്ത് സൂപ്രണ്ടിന്റെ ചുമതല വഹിച്ചിട്ടുള്ള ശ്രീമതി.ബീനയുടെ ഭാഗത്ത് നിന്ന് മനപ്പൂർവ്വമായ വീഴ്ച വന്നിട്ടുള്ളതായി കാണുന്നില്ലെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് കരാറുകാർക്ക് വാടക ഇനത്തിൽ അധികമായി തുക നൽകിയത് മൂലം തിരികെ ഈടാക്കേണ്ടതായി ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 54,79,290/-(അൻപത്തി നാലുലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് മാത്രം) രൂപയായി നിജപ്പെടുത്തിയിട്ടുള്ളതുമാണ് എന്നും അറിയിക്കുന്നു. തിരികെ ലഭിക്കാൻ ബാക്കി നിന്നിരുന്ന 7,96,151/-(ഏഴു ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി ഒരുന്നൂറ്റി അൻപത്തിയൊന്ന് മാത്രം) രൂപ ഉൾപ്പെടെ മുഴുവൻ തുകയും രണ്ട് കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുള്ളതായി നഗരസഭ അഡീഷണൽ സെക്രട്ടറി, റിപ്പോർട്ട് ചെയ്തിരുന്നതായും അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷനിൽ 2014-15 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ടിപ്പർ ലോറികൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടറുമായി ബന്ധപ്പെട്ട ഫയലിൽ നടപടി സ്വീകരിക്കുന്നതിൽ 01/06/2014 തീയതി മുതൽ 02.08.2014 വരെ ഹെൽത്ത് സൂപ്രണ്ടിന്റെ ചുമതല വഹിച്ചിട്ടുള്ള ശ്രീമതി.ടി.കെ.ബീനയുടെ ഭാഗത്ത് നിന്ന് മനപ്പൂർവ്വമായ വീഴ്ച വന്നിട്ടുള്ളതായി കാണുന്നില്ല.

5. മേൽ സാഹചര്യത്തിൽ കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട്, ആയതിൻമേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ച് , കൊച്ചി കോർപ്പറേഷനിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ക്രമക്കേടിന് കൊച്ചി നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ ആയിരുന്ന ശ്രീമതി.ബീനയുടെ ഭാഗത്ത് നിന്ന് മനപ്പൂർവ്വമായ വീഴ്ച വന്നിട്ടുള്ളതായി കാണുന്നില്ലെന്നതിനാൽ, ടിയാൾക്കെതിരായ വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ

കെ.എസ്.ആർ ഭാഗം 3 ചട്ടം 59(d) പ്രകാരം ആരംഭിച്ച നടപടി, ടിയാളെ പൂർണ്ണ കുറ്റവിമുക്തയാക്കിക്കൊണ്ട് തുടർനടപടികൾ ഒഴിവാക്കി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി.ടി.കെ.ബീന, ഹെൽത്ത് സൂപ്പർവൈസർ (റിട്ട), കൊച്ചി നഗരസഭ

(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 24-11-2025 11:00:30

സെക്ഷൻ ഓഫീസർ